**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1389** **15-10-2026-ൽ മറുപടിയ്ക്ക്**

**ചൊക്ലി മോന്താൽ പാത്തിക്കൽ തീരദേശ നടപ്പാത നിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കാരായി രാജൻ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** 2025-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II (മരാമത്ത് പണികളുടെ വിശദ വിവരങ്ങൾ) വാല്യം II-ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) 4 കോടി രൂപ നീക്കിവെച്ചിട്ടുള്ള ചൊക്ലി ഗ്രാമപഞ്ചായത്തിലെ മോന്താൽ പാത്തിക്കൽ തീരദേശ നടപ്പാത പദ്ധതി നടപ്പിലാക്കുന്നതിനായി ടൂറിസം വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** പദ്ധതിയുമായി ബന്ധപ്പെട്ട് 21.08.2025 ന് വിനോദസഞ്ചാര വകുപ്പ്, ഡെപ്യൂട്ടി ഡയറക്ടർ(കണ്ണൂർ) പഞ്ചായത്ത് പ്രതിനിധികളോടൊപ്പം സംയുക്ത സ്ഥല സന്ദർശനവും, അതിനോടനുബന്ധിച്ച് യോഗവും ചേർന്നിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിന് പദ്ധതി നടപ്പാക്കാനായി പഞ്ചായത്ത് കണ്ടെത്തിയ സ്ഥലത്തിന്റെ ഉപയോഗാനുമതി, പ്രസ്തുത സ്ഥലം സംബന്ധിച്ച വില്ലേജിൽ നിന്നുള്ള സ്കെച്ച് ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭിക്കേണ്ടതുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പദ്ധതിയുമായി ബന്ധപ്പെട്ട് 21.08.2025 ന് വിനോദസഞ്ചാര വകുപ്പ്, ഡെപ്യൂട്ടി ഡയറക്ടർ(കണ്ണൂർ) പഞ്ചായത്ത് പ്രതിനിധികളോടൊപ്പം സംയുക്ത സ്ഥല സന്ദർശനവും, അതിനോടനുബന്ധിച്ച് യോഗവും ചേർന്നിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിന് പദ്ധതി നടപ്പാക്കാനായി പഞ്ചായത്ത് കണ്ടെത്തിയ സ്ഥലത്തിന്റെ ഉപയോഗാനുമതി, പ്രസ്തുത സ്ഥലം സംബന്ധിച്ച വില്ലേജിൽ നിന്നുള്ള സ്കെച്ച് ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭിക്കേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**